## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുമ്പ് ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല — ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് 2008-09 – ഖണ്ഡിക 3.1 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാ.ധാ) നം.234/15/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 23/01/2015**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 08/05/2014-ലെ എം3-15335/14 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20/09/2014-ലെ L.F/10870/PT2/14 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം പട്ടിക ജാതി വൃദ്ധർക്ക് പോഷകാഹാര വിതരണം എന്ന പദ്ധതിക്കായി ചെലവഴിച്ച 5,35,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വൃദ്ധർക്ക് പോഷകാഹാര വിതരണം എന്ന പദ്ധതി ദരിദ്രരും നിരാലംബരുമായ പട്ടികജാതി വിഭാഗത്തിലെ വൃദ്ധ ജനങ്ങൾക്ക് വളരെയധികം ഫലപ്രാപ്തിയുണ്ടായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അവകാശപ്പെടുന്നതിനാലും ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്യുന്നതിനാലും പദ്ധതി ഇനത്തിൽ ചെലവഴിച്ച 5,35,500/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ പട്ടിക ജാതി വൃദ്ധർക്ക് പോഷകാര വിതരണം എന്ന പദ്ധതിക്കായി ചെലവഴിച്ച 5,35,500/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം)യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ